സ്ഥലം ഏക്കറുകളോളം വരുന്ന റവന്യൂ ഭൂമിയിൽ ഉള്ളിലായി സ്ഥിതി ചെയ്യുന്ന 25 സെന്റ് സ്ഥലമാണ്. പ്രസ്തുത സ്ഥലം അളന്ന് തിട്ടപ്പെടുത്തുവാൻ പറ്റാത്ത വിധത്തിൽ കാട് പിടിച്ച് കിടക്കുന്നതിനാലും കൃത്യമായി സ്ഥലം അളന്ന് ലഭ്യമാകാതിരുന്നതിനാലുമാണ് പ്രസ്തുത സ്മാരക നിർമ്മാണത്തിന് കാലതാമസം നേരിടുന്നത്. ടി സ്ഥലം കാടു വെട്ടിത്തെളിച്ച് വൃത്തിയാക്കുന്നതിന് ബന്ധപ്പെട്ട ഓവർസീയറുടെ പേരിൽ 60,000 രൂപ കൊച്ചി നഗരസഭാ അധികൃതർ തുക ഒടുക്കിയിട്ടുണ്ട്. കൂടാതെ ടി സ്ഥലം ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുന്നതിനായി കൊച്ചി നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി എസ്. 1204/2019 പ്രോജക്ട് നമ്പരിൽ 5 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി ലഭ്യമായിട്ടുള്ളതും നിലവിൽ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. കൂടാതെ പ്രസ്തുത സ്മാരക നിർമ്മാണത്തിന്റെ രൂപകൽപ്പന ചെയ്യുന്നതിനും മറ്റുമായി കൊച്ചി നഗരസഭാ അധികൃതർ നടപടികൾ സ്വീകരിച്ചു വരുന്നു.

## ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ്

81(2699) <u>ശ്രീ. സജി ചെറിയാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് 2019-20 അദ്ധ്യയന വർഷത്തിൽ സ്കൂൾ / കോളേജ് തലത്തിൽ നടത്തുന്ന വിവിധ പരിപാടികൾക്ക തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളുടെ ലിസ്റ്റ് സമർപ്പിച്ചിരുന്നോ;

(ബി) ചെങ്ങന്നൂർ മണ്ഡലത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് പൂർത്തീകരിച്ച സെമിനാറുകളുടെയും മറ്റ് മത്സരങ്ങളുടെയും സംക്ഷിപ്ത വിവരങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) 2019-20 അദ്ധ്യയന വർഷം സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് മുഖേന നടപ്പിലാക്കുന്ന മോഡൽ പാർലമെന്റ്, യൂത്ത് പാർലമെന്റ് മത്സരം, പാർലമെന്ററി ലിറ്ററസി ക്ലബ്ബ്, ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബ്, സ്കൂൾ സെമിനാർ എന്നിവ നടത്തുന്നതിന് നിയോജക മണ്ഡലാടിസ്ഥാനത്തിൽ സ്കൂൾ/കോളേജുകൾ തെരഞ്ഞെടുക്കുന്നതിലേയ്ക്കായി ബഹു. എം.എൽ.എ.മാരിൽ നിന്നും ലിസ്റ്റുകൾ ആവശ്യപ്പെട്ടിരുന്നു. 58 എം.എൽ.എ.-മാർ ലിസ്റ്റുകൾ നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഇൻസ്റ്റിറ്റ്യൂട്ടിൽ തുടർ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ബഹുമാനപ്പെട്ട ചെങ്ങന്നൂർ എം.എൽ.എ.-യുടെ ഓഫീസിൽ നിന്നും ലഭിച്ച ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ എല്ലാ സ്ഥാപനങ്ങൾക്കും പരിപാടികൾ നടത്തുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ജനറൽ അയച്ചു കൊടുത്തിട്ടുണ്ട്. പരിപാടികൾ പൂർത്തീകരിച്ച് റിപ്പോർട്ട് ലഭ്യമായിട്ടില്ല.

**കെ.എസ്.എഫ്.ഡി.സി.-യുടെ പുതിയ സിനിമാ തിയേറ്ററുകൾ**

82(2700) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷം എത്ര പുതിയ സിനിമ തിയേറ്ററുകൾ ആരംഭിക്കുവാൻ കെ.എസ്.എഫ്.ഡി.സി. ഉദ്ദേശിക്കുന്നുണ്ടെന്നും അവ എവിടെയെല്ലാമാണെന്നും വിശദമാക്കാമോ ;

(ബി) ആലത്തൂർ നിയോജകമണ്ഡലത്തിൽ ആലത്തൂർ ഗ്രാമപഞ്ചായത്തിൽ തിയേറ്റർ തുടങ്ങുന്നതിനായി സ്ഥലം അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത സ്ഥലത്ത് തിയേറ്റർ തുടങ്ങുന്നതിന് നടപടികൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കാമോ?

<u>ഉത്തരം</u>

(എ) കിഫ്ബിയുടെ ധനസഹായത്തോടെ അളഗപ്പനഗർ, പേരാമ്പ്ര, കായംകുളം, പയ്യന്നൂർ എന്നീ സ്ഥലങ്ങളിൽ തിയേറ്റർ നിർമ്മിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു കഴിഞ്ഞു. കൂടാതെ ചെങ്ങന്നൂർ, ഒറ്റപ്പാലം, താനൂർ, വൈക്കം, കാക്കനാട്, പായം (കണ്ണൂർ), നെയ്യാറ്റിൻകര എന്നിവിടങ്ങളിൽ തിയേറ്റർ നിർമ്മിക്കുന്നതിനുള്ള ഡി.പി.ആർ . തയ്യാറാക്കി വരുന്നു.

(ബി) ആലത്തൂർ ഗ്രാമപഞ്ചായത്തിൽ തിയേറ്റർ തുടങ്ങുന്നതിനുവേണ്ടിയുള്ള പഞ്ചായത്ത് തീരുമാനം കെ.എസ്.എഫ്.ഡി.സി.ക്ക് ലഭിച്ചിട്ടുണ്ട്.

(സി) ആലത്തൂർ ഗ്രാമപഞ്ചായത്തിലെ സ്ഥലം സർക്കാർ അനുമതിയോടെ കൈമാറി കേരള സംസ്ഥാന ചലചിത്ര വികസന കോർപ്പറേഷന് ലഭ്യമാകുന്ന മുറയ്ക്ക് വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly